# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3701 — 11- 11-2019-ൽ മറുപടിക്ക്.

### അക്ഷയ കേന്ദ്രങ്ങളുടെ എണ്ണം ഗ്രാമപഞ്ചായത്തുകളിൽ

ചോദ്യം — മറുപടി

ശ്രീ. വി. ജോയി — പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിൽ ഒരു ഗ്രാമപഞ്ചായത്തിൽ എത്ര വീതമാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) യും (ബി) യും | ഒരു ഗ്രാമ പഞ്ചായത്തിൽ അനുവദിക്കുന്ന അക്ഷയ കേന്ദ്രങ്ങളുടെ പരമാവധി എണ്ണം 4 ആയും രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള അകലം 2 കി.മീ ആയും ആണ് മുൻപ് നിശ്ചയിച്ചിരുന്നത്. അക്ഷയ കേന്ദ്രങ്ങളുടെ എണ്ണത്തിലെ കുറവ് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രസ്തുത വ്യവസ്ഥകൾ സർക്കാർ പുനഃപരിശോധിക്കുകയും ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലെ അക്ഷയകേന്ദ്രങ്ങളുടെ പരമാവധി എണ്ണം സംബന്ധിച്ച വ്യവസ്ഥ ഒഴിവാക്കുകയും 2 അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള അകലം 1.5 കി.മീ ആയി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | അക്ഷയ കേന്ദ്രങ്ങളുടെ എണ്ണത്തിലെ കുറവ് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | | |
| (സി) | ഗ്രാമപഞ്ചായത്തുകളിൽ അക്ഷയ കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | വ്യവസ്ഥകളിൽ മാറ്റം വന്നിട്ടുള്ള സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകളിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ